3974
8/7/13

# കേരള സർക്കാർ

## സംഗ്രഹം

വിവര-പൊതുജന സമ്പർക്ക വകുപ്പ്—സംസ്ഥാനത്ത് ഇ-ടെണ്ടറിംഗ് നടപ്പിലാക്കൽ—ദർഘാസ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കൽ സംബന്ധിച്ച നടപടിക്രമങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## വിവര-പൊതുജന സമ്പർക്ക (ജി) വകുപ്പ്

**സ. ഉ. (പി) നമ്പർ 04/2013/ഐ & പി.ആർ.ഡി.** **തിരുവനന്തപുരം, 2013 ജൂൺ 18.**

---

*പരാമർശം:*— 1. ഐ & പി.ആർ. വകുപ്പിന്റെ 2-1-2004-ലെ സ.ഉ. (പി) 1/04/ഐ & പി.ആർ. നമ്പരായുള്ള ഉത്തരവ്.

2. വിവര-സാങ്കേതിക വകുപ്പിന്റെ 8-10-2012-ലെ സ. ഉ. (എംഎസ്) 18/2012/ITD. നമ്പരായുള്ള ഉത്തരവ്.

3. ധനകാര്യ വകുപ്പിന്റെ 7-1-2013-ലെ സ.ഉ.(പി)15/2013/ധന. എന്ന നമ്പരായുള്ള ഉത്തരവ്.

4. ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 11-4-2013-ൽ ഇ-ടെണ്ടറിംഗിന്റെ പുരോഗതി സംബന്ധിച്ച് നടത്തിയ അവലോകന മീറ്റിംഗിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

ബഹു. ലോകായുക്തയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരം സർക്കാർ വകുപ്പുകളുടെ ദർഘാസ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് വിൻഡോ സംവിധാനം നിലവിൽ വന്നു.

സൂചന (2) പ്രകാരം 2013 മാർച്ച് 31 മുതൽ 25 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ള എല്ലാ ടെണ്ടറുകൾക്കും ഇ-ടെണ്ടറിംഗ് സംവിധാനം ബാധകമാക്കിയിട്ടുണ്ട്.

സൂചന (3) പ്രകാരം നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ ഇ-ടെണ്ടറിംഗ് സംബന്ധിച്ച ടെക്നിക്കൽ സർവ്വീസ് പ്രൊവൈഡറായി നിശ്ചയിച്ചിട്ടുണ്ട്. ദർഘാസ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ വകുപ്പുകൾ നേരിട്ട് വിവര-പൊതുജന

സമ്പർക്ക വകുപ്പിന് പരസ്യ മാറ്റർ ലഭ്യമാക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ഇതിനുപകരം ഇ-ടെണ്ടർ ചെയ്യപ്പെടുന്ന ദർഘാസുകളുടെ വിൻഡോ പരസ്യങ്ങൾ ആഴ്ച തോറും വിൻഡോ രൂപത്തിൽ വിവര-പൊതുജന സമ്പർക്ക വകുപ്പുവഴി പ്രസിദ്ധീകരണത്തിനു നൽകുന്നതിന് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ ചുമതലപ്പെടുത്താൻ സൂചന (4) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ഇ-ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തികളുടെ ദർഘാസ് പരസ്യങ്ങൾ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കി വിവര-പൊതുജന സമ്പർക്ക വകുപ്പുവഴി പ്രസിദ്ധീകരണത്തിന് നൽകുന്ന സംവിധാനം ഏർപ്പെടുത്തി ഉത്തരവാകുന്നു. ഭാവിയിൽ ഇ-ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തികളുടെ പരസ്യങ്ങൾ പ്രസിദ്ധീകരണത്തിനായി വകുപ്പുകളിൽ നിന്ന് നേരിട്ട് വിവര-പൊതുജന സമ്പർക്ക വകുപ്പിൽ സ്വീകരിക്കുന്നതല്ല. ഈ ഉത്തരവ് ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുത്തിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്ജ്,

*സെക്രട്ടറി.*

കേരള ലോകായുക്ത, തിരുവനന്തപുരം.

സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, വെള്ളയമ്പലം, തിരുവനന്തപുരം.

എല്ലാ വകുപ്പു മേധാവികൾക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.

രജിസ്ട്രാർ, എല്ലാ സർവ്വകലാശാലകൾക്കും.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.

മാനേജിംഗ് ഡയറക്ടർ, കെ. എസ്. ആർ. റ്റി. സി., തിരുവനന്തപുരം.

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും.

മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും.

പബ്ലിക് റിലേഷൻസ് വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പിന് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.